സി.ദാവൂദ്

# ഗ്വാണ്ടനാമോകൾ പലവിധം

**2008** ജനുവരി 11 ലോകത്താകമാനം മനുഷ്യാവകാശ പ്രവർത്തകരും പ്രസ്ഥാനങ്ങളും 'ഗ്വാണ്ടനാമോ അടച്ചുപൂട്ടുക ദിനം' ആയി ആചരിക്കുകയുണ്ടായി. ആറ് വർഷം മുമ്പ് ക്യൂബൻ ഉപദ്വീപായ ഗ്വാണ്ടനാമോയിൽ അമേരിക്കൻ നേതൃത്വത്തിൽ ആരംഭിച്ച ലോകത്തെ ഏറ്റവും ഭീകരമായ തടവറയാണ് ഗ്വാണ്ടനാമോ തടവറ എന്നറിയപ്പെടുന്ന ക്യാമ്പ് എക്സ്റേ. ലോകത്തിന്റെ വിവിധ ഭാഗങ്ങളിൽ നിന്ന് പിടിച്ചുകൊണ്ടുവന്ന ഊരും പേരും വെളിപ്പെടുത്തപ്പെടാത്ത നൂറു കണക്കിന് മുസ്‌ലിം ചെറുപ്പക്കാരാണ് ഇവിടുത്തെ തടവുകാർ. തടവുകാരുടെ മുഖത്ത് വനിതാ ഓഫീസർമാരുടെ ആർത്തവ രക്തം ലേപനം ചെയ്യുക എന്നതടക്കമുള്ള അമേരിക്കൻ സാംസ്കാരിക പരിപാടികൾ ഇവിടെ നടന്നുവരാറുണ്ട്. ഏകാംഗ സെല്ലുകളിലാണ് വർഷങ്ങളായി തടവുകാരെ കൈകാലുകൾ ബന്ധിച്ച് പാർപ്പിച്ചിരിക്കുന്നത്. അറബികളുടെയും ഇസ്‌ലാമിക തീവ്രവാദികളുടെയും മനുഷ്യത്വവിരുദ്ധതക്കെതിരെ കഥകൾ മെനയുന്ന നമ്മുടെ നാട്ടിലെ മുഖ്യധാരാ മാധ്യമങ്ങൾക്കോ ബുദ്ധിജീവികൾക്കോ ഈ വക 'സാംസ്കാരിക പ്രവർത്തന'ങ്ങളെക്കുറിച്ച് പറയാൻ അവസരം കിട്ടാറില്ല. ലോകത്ത് മനുഷ്യത്വം നിലനിൽക്കുന്നുവെന്നതിന് തെളിവ് ലഭിക്കണമെങ്കിൽ ഗ്വാണ്ടനാമോ അടച്ചുപൂട്ടണമെന്ന് ആർജവത്തോടെ പറയാൻ നമുക്ക് കഴിയേണ്ടതായിരുന്നു.

ഗ്വാണ്ടനാമോക്കെതിരെ അന്തർദേശീയ തലത്തിൽ നടക്കുന്ന ജനകീയ പ്രതിഷേധത്തോടൊപ്പംനിന്ന് ജനുവരി 11 'ഗ്വാണ്ടനാമോ അടച്ചുപൂട്ടുക ദിനം' ആയി ആചരിക്കാൻ ഇന്ത്യയിലെ ഇസ്‌ലാമിക വിദ്യാർഥി പ്രസ്ഥാനവും ആഹ്വാനം ചെയ്തു. രാജ്യത്തിന്റെ വിവിധ ഭാഗങ്ങളിൽ, കാമ്പസുകളും തെരുവുകളും കേന്ദ്രീകരിച്ച് വിവിധ പരിപാടികളാണ് സംഘടിപ്പിച്ചത്. ഗ്വാണ്ടനാമോ തടവുകാരോട് ഐക്യദാർഢ്യം പ്രകടിപ്പിച്ച് ഓറഞ്ച് ഗൗണും മുഖംമൂടിയും ധരിച്ച് എസ്.ഐ.ഒ പ്രവർത്തകർ ബാംഗ്ലൂർ നഗരത്തിൽ പ്രകടനം നടത്തുകയുണ്ടായി. ഹൈദരാബാദ് നഗരത്തിൽ വിവിധ ഭാഗങ്ങളിലായി നടന്ന പ്രകടനത്തിൽ പ്രവർത്തകർ അമേരിക്കൻ പതാക കത്തിച്ചു. അലീഗഢ്, കൊൽക്കത്ത, ദൽഹി തുടങ്ങിയ നഗരങ്ങളിലും വൈവിധ്യമാർന്ന പ്രതിഷേധ പരിപാടികൾ നടന്നു. ആഗോളതലത്തിൽ നടക്കുന്ന ഗ്വാണ്ടനാമോ പ്രതിഷേധത്തിന്റെ ഇന്ത്യൻ പ്രതിനിധിയാകാൻ എസ്.ഐ.ഒവിന് സാധിച്ചു.

ദേശീയ തലത്തിൽ സംഘടിപ്പിക്കപ്പെട്ട ഗ്വാണ്ടനാമോ പ്രതിഷേധ പരിപാടികൾ കേരളത്തിൽ കാമ്പസുകൾ കേന്ദ്രീകരിച്ചാണ് എസ്.ഐ.ഒ സംഘടിപ്പിച്ചത്. *ഗ്വാണ്ടനാമോ അടച്ചു പൂട്ടുക* എന്നെഴുതിയ കൂറ്റൻ ബാനറിൽ വിദ്യാർഥികളുടെ ഒപ്പുകൾ ശേഖരിച്ച് യു.എൻ ജനറൽ സെക്രട്ടറി ബാൻ കി മൂണിന് അയച്ചുകൊടുക്കുന്നതായിരുന്നു പരിപാടി. പരിപാടിയുടെ സംസ്ഥാനതല ഉദ്ഘാടനം കൊല്ലത്ത് സംസ്ഥാന യുവജനോത്സവ നഗരിയിൽ മനുഷ്യാവകാശ കമീഷൻ മുൻ ചെയർമാൻ ബാലരാമൻ നിർവഹിച്ചു. തീവ്രവാദ ഭീഷണി സൃഷ്ടിച്ച് മനുഷ്യാവകാശങ്ങളെ ഹനിക്കുന്ന ഭരണകൂട നടപടികളെ ചെറുത്തുതോൽപിക്കാൻ മുഴുവൻ മനുഷ്യസ്നേഹികളോടും ആഹ്വാനം ചെയ്യുന്നതായിരുന്നു അദ്ദേഹത്തിന്റെ പ്രഭാഷണം. തീവ്രവാദവും ഭീകരവാദവും ആരോപിച്ചു കഴിഞ്ഞാൽ പിന്നെ ആളുകളെ എങ്ങനെയും പീഡിപ്പിക്കാമെന്നതാണ് പൊതുവെ ഭരണകൂടങ്ങളുടെ സമീപനം. തീവ്രവാദമുദ്ര ഭയന്ന് ജനങ്ങൾ ഇത്തരം അതിക്രമങ്ങൾക്കെതിരെ മൗനം പാലിക്കുകയും ചെയ്യും. മനുഷ്യാവകാശത്തെക്കുറിച്ച ജനകീയ ഉണർവുകൾ സൃഷ്ടിച്ചുകൊണ്ടേ ഇതിനെ മറികടക്കാൻ കഴിയൂ.

കേരള, എം.ജി, കാലിക്കറ്റ്, കുസാറ്റ് എന്നീ സർവകലാശാലാ ആസ്ഥാനങ്ങളിലും നിരവധി കോളേജുകളിലും പരിപാടി സംഘടിപ്പിക്കപ്പെടുകയുണ്ടായി. മഞ്ചേശ്വരം ഗോവിന്ദ പൈ കോളേജ് മുതൽ തിരുവനന്തപുരം നാഷ്നൽ കോളേജ് വരെ, കേരളത്തിലെ വിദ്യാർഥി സമൂഹത്തിനിടയിൽ പുതിയ മനുഷ്യാവകാശ ഉണർവ് നൽകിക്കൊണ്ടാണ് പരിപാടി കടന്നുപോയത്. സാധാരണഗതിയിൽ ജനാധിപത്യത്തിലും മനുഷ്യാവകാശത്തിലും വിശ്വാസമുള്ള ആരുടെയും പി

ന്തുണ അർഹിക്കുന്ന ഒരു സമരരീതി. എന്നാൽ കേരളത്തിലെ കാമ്പസുകളിലെ ഏറ്റവും വലിയ സംഘടിത ക്രിമിനൽ ശക്തിയായി മാറിയ എസ്.എഫ്.ഐക്ക് ഗ്വാണ്ടനാമോ ദിനാചരണത്തെയും ഉൾക്കൊള്ളാനുള്ള ജനാധിപത്യ ഉള്ളടക്കമുണ്ടായില്ല. പയ്യന്നൂർ ഗവ. കോളേജ് (കണ്ണൂർ), മൊകേരി ഗവ. കോളേജ് (കോഴിക്കോട്) ചിറ്റൂർ ഗവ. കോളേജ് (പാലക്കാട്), പാലക്കാട് ഗവ. പോളിടെക്നിക്ക് എന്നിവിടങ്ങളിൽ എസ്.എഫ്. ഐയുടെ നേതാക്കളുടെ തന്നെ നേതൃത്വത്തിലാണ് എസ്.ഐ.ഒ പ്രവർത്തകർക്കു നേരെ അതിക്രമങ്ങൾ നടന്നത്. പയ്യന്നൂരിൽ എസ്.ഐ.ഒ യൂനിറ്റ് പ്രസിഡന്റും സംസ്ഥാന കാമ്പസ് സമിതിയംഗവുമായ ഷാ രിസാലിനെ തൊട്ടടുത്ത തോട്ടത്തിൽ കൊണ്ടുപോയി ക്രൂരമായി മർദിച്ചുകൊണ്ടാണ് എസ്.എഫ്.ഐ തങ്ങളുടെ ജനാധിപത്യം പ്രകടമാക്കിയത്. മൊകേരിയിൽ ഒപ്പുശേഖരണത്തിനുള്ള ബാനർ എസ്.എഫ്.ഐ പിടിച്ചെടുക്കുകയായിരുന്നു. ലോകത്തെ ഏറ്റവും വലിയ മനുഷ്യാവകാശ ലംഘനങ്ങൾക്കെതിരെ നടക്കുന്ന വിദ്യാർഥികളുടെ ആത്മാവിഷ്കാരത്തെപ്പോലും അംഗീകരിക്കാനുള്ള ശേഷി കേരളത്തിലെ ഇടതുപക്ഷ വിദ്യാർഥി പ്രസ്ഥാനത്തിനില്ല എന്ന യാഥാർഥ്യം വീണ്ടും അടിവരയിടപ്പെടുകയായിരുന്നു.

ഓരോ ആളും അവനവന്റെ കഴിവനുസരിച്ച ഗ്വാണ്ടനോമോകൾ സൃഷ്ടിക്കുകയാണ്. കേരളത്തിലെ കാമ്പസ് കഴിഞ്ഞ കുറേ വർഷങ്ങളായി എസ്.എഫ്.ഐയുടെ അപ്രഖ്യാപിത ക്യാമ്പ് എക്സ്റേകളാണ്. അതിന്റെ പീഡനപർവത്തിലാണ് കെ.എസ്.യു എന്ന സംഘടന തന്നെ ഏതാണ്ട് ഇല്ലാതായത്. കെ.എസ്.യു, എ.ഐ.എസ്.എഫ് അടക്കമുള്ള സംഘടനകളുടെ പിന്മാറ്റവും പൊതുസമൂഹത്തിന്റെയും സാംസ്കാരിക സമൂഹത്തിന്റെയും മൗനാനുവാദവും മാധ്യമങ്ങളുടെ അശ്രദ്ധയും നിമിത്തം കാമ്പസുകളിൽ തങ്ങളുടെ ജന്മിത്തം വ്യവസ്ഥാപിതമായി അടിച്ചേൽപിക്കാൻ അവർക്ക് സാധിക്കുന്നുണ്ട്. ഈ ജന്മിത്തത്തിനെതിരെ ഇപ്പോൾ ഉയർന്നു വരുന്ന കനത്ത പ്രതിസ്വരമായി അവർ എസ്.ഐ.ഒവിനെ മനസ്സിലാക്കുന്നുമുണ്ട്. അതു കൊണ്ടു തന്നെയായിരിക്കണം, ഈ അധ്യയന വർഷത്തിൽ മാത്രം ഒരു ഡസനിലേറെ കോളേജുകളിൽ എസ്.ഐ.ഒ പ്രവർത്തകർ എസ്.എഫ്.ഐയുടെ ആക്രമണങ്ങൾക്ക് വിധേയമായത്. വർധിച്ചുവരുന്ന ഇടതുപക്ഷ ആക്രമണങ്ങളെ എസ്.ഐ.ഒ സംസ്ഥാന സമിതി ഗൗരവത്തിൽ വിലയിരുത്തുകയുണ്ടായി. കാമ്പസുകളിൽ പുതിയ പ്രഭാതം സൃഷ്ടിക്കാനുള്ള ശ്രമത്തിൽ ഇരുട്ടിന്റെ ശക്തികളുടെ ആക്രമണങ്ങൾ സ്വാഭാവികമാണ്. ആക്രമണങ്ങളിൽ പതറാതെ, എന്നാൽ അൽപം പോലും പ്രകോപിതരാവാതെ ലക്ഷ്യം മുന്നിൽ കണ്ട്, വിദ്യാർഥിസമൂഹത്തെ ആശയ സമരത്തിന്റെയും സർഗാത്മക അന്വേഷണത്തിന്റെയും വഴിയിലേക്കു നയിക്കാനുതകുന്ന പ്രവർത്തനങ്ങൾ സജീവമാക്കാൻ തന്നെയാണ് സംഘടനയുടെ തീരുമാനം. ക്ഷമയും ത്യാഗവും ഏകാഗ്രതയും ആവശ്യമുള്ള ഈ പ്രവർത്തന പദ്ധതി എളുപ്പത്തിൽ സാക്ഷാത്കരിക്കാൻ സാധിക്കുന്നതല്ലെന്ന് എസ്.ഐ.ഒ മനസ്സിലാക്കുന്നു. അതേ സമയം, എസ്.എഫ്.ഐക്കെതിരെ മറ്റൊരു എസ്.എഫ്.ഐ ആവുക എന്നത് എസ്.ഐ.ഒവിന്റെ ഉദ്ദേശ്യമല്ല (അത് എളുപ്പമുള്ളതാണെങ്കിലും). ധീരവും നൈരന്തര്യമേറിയതുമായ ഈ മഹാ സമരത്തിലേക്ക് നമുക്ക് ആവേശവും ആത്മബലവും നൽകുന്നതാണ് കാമ്പസിൽനിന്ന് ലഭിക്കുന്ന വാർത്തകൾ.

*** *** *** ***

അധീശ ശക്തികൾ ഗ്വാണ്ടനാമോകൾ സൃഷ്ടിക്കുന്നതിനെക്കുറിച്ചാണ് ഇതുവരെ സൂചിപ്പിച്ചത്. സ്വയം നിർമ്മിച്ച ഗ്വാണ്ടനാമോകളിൽ സ്വയം അഴുക്കായി അഴുക്കുവെള്ളം കുടിച്ച് അഴുക്ക് ശ്വസിച്ച് കഴിഞ്ഞുകൂടുന്നവരെയും നമുക്കു കാണാൻ കഴിയും.

'രണ്ടു സംഘടനകൾക്കിടയിൽ നിലനിൽക്കുന്ന അഭിപ്രായ വ്യത്യാസങ്ങൾ അടിച്ചുതീർക്കാമെന്ന് വിചാരിക്കുന്നവർ, സർഗാത്മകമായ അന്വേഷണങ്ങൾക്കാണ് ചിതയൊരുക്കുന്നത്. തത്വശാസ്ത്രത്തെക്കുറിച്ചും സാഹിത്യത്തെക്കുറിച്ചും ശാസ്ത്രത്തെക്കുറിച്ചും കലയെക്കുറിച്ചും തീ പറക്കുന്ന സംവാദങ്ങൾ കെട്ടഴിച്ചുവിടേണ്ട കാമ്പസ്, കൈക്കരുത്തിൽ സാഫല്യമനുഭവിക്കുന്ന ഒരവസ്ഥയിലേക്ക് സങ്കോചിക്കുമ്പോൾ നഷ്ടപ്പെടുന്നത് ഭാവിസമൂഹത്തെ നിവർന്നുനിക്കാൻ പ്രാപ്തമാക്കുന്ന രാഷ്ട്രീയ പ്രബുദ്ധതയാണ്. ആശയങ്ങൾ ഏറ്റുമുട്ടി തീ ചിതറുമ്പോഴാണ്, അല്ലാതെ മനുഷ്യർ പരസ്പരം ഏറ്റുമുട്ടി ചോര ചിന്തുമ്പോഴല്ല ചരിത്രം ചുവക്കുന്നത്. കാമ്പസ് സംഘട്ടനങ്ങളിൽ ആവേശം കൊള്ളുന്നവർ അരാഷ്ട്രീയതയുടെ അഴുക്കുചാലിലാണ് നീന്തിതുടിക്കുന്നത്. അവികസിതമായ ആശയങ്ങളുടെയും മനുഷ്യത്വവിരുദ്ധമായ സമീപനങ്ങളുടെയും അവശിഷ്ടങ്ങൾ പോലും തുടച്ചുനീക്കും വിധം ജാഗ്രത്തായിരിക്കേണ്ട ഒരു ചരിത്രസന്ദർഭത്തെ ചോരയിൽ കുളിപ്പിക്കുന്നതിൽ കുളിർമ്മ കൊള്ളുന്നവർ കാടത്തത്തെ കരുത്തെന്ന് തെറ്റിദ്ധരിക്കുന്നവരാണ്.

ഭൂരിപക്ഷത്തിൽ നിന്ന് വ്യത്യസ്തമായി ചിന്തിക്കാനും ജീവിക്കാനും ആശയപ്രചാരണം നിർവഹിക്കാനുമുള്ള ഒരു വ്യക്തിയുടെ സ്വാതന്ത്ര്യത്തെപ്പോലും വെല്ലുവിളിച്ചുകൊണ്ട് കാമ്പസിനെങ്ങിനെയാണ് വൈവിധ്യത്തിലേക്ക് വികസിക്കാൻ കഴിയുക എന്നാണ് ഇന്നു നാം വിളിച്ചുചോദിക്കേണ്ടത്. നൂറുപൂക്കൾ വിരിയണമെങ്കിൽ ഒരായിരം മൊട്ടുകളെങ്കിലും മുളച്ചുവരേണ്ടതുണ്ടെന്ന് ആരും മറന്നുപോകരുത്. മതേതരത്വമില്ലെങ്കിൽ, ജാതി മത സങ്കുചിതത്വത്തിനപ്പുറത്തേക്ക് ഒരു തലമുറ മിഴിതുറക്കുന്നില്ലെങ്കിൽ എങ്ങനെയാണ് വൈവിധ്യപൂർണ്ണമായ സാംസ്കാരിക വളർച്ചയുടെ വഴികൾ വിസ്തൃതമാവുകയെന്നത്രേ ഇന്നു നാം സ്വയം ചോദിക്കേണ്ടത്'. കാമ്പസുകളിൽ എസ്.എഫ്.ഐ നേതൃത്വത്തിൽ അരങ്ങുതകർത്താടുന്ന ക്രിമിനൽ രാഷ്ട്രീയത്തിൽ മനംനൊന്ത് ആരെങ്കിലും എഴുതിയതാണ് ഇതെന്ന് തെറ്റിദ്ധരിക്കരുത്. എസ്.എഫ്.ഐ പഠനക്ലാസുകളിലെ സ്ഥിരം അധ്യാപകരിലൊരാളായ കെ.ഇ.എൻ എഴുതിയതാണ് മേൽവരികൾ (*മംഗളം* ദിനപത്രം 2007 ഡിസംബർ 18). എസ്.എഫ്.ഐ സഖാക്കളെ മര്യാദ പഠിപ്പിക്കാൻ കെ.ഇ.എൻ തീരുമാനിച്ചതാണെന്നും തെറ്റിദ്ധരിക്കരുത്. തുടർന്നു വരുന്ന വരികൾ വായിക്കുക: 'അതിനു പകരം മതേതര ഭീകരതയെന്ന പരസ്പരം ഗർജിക്കുന്ന രണ്ടു പദങ്ങൾ കൂട്ടിച്ചേർത്ത് ആശയകാലുഷ്യമുണ്ടാക്കുന്നവർ, അവശേഷിക്കുന്ന നന്മകൾക്കെതിരെയാണ് പരോക്ഷമായെങ്കിലും നിറയൊഴിക്കുന്നത്. മനുഷ്യ ഭീകരത, സ്നേഹ ഭീകരത, സംവാദ ഭീകരത, സത്യഭീകരത തുടങ്ങിയ പദങ്ങൾക്ക് സവിശേഷമായ ഒരർഥവും സൃഷ്ടിക്കാൻ കഴിയാത്തതുപോലെ, മതേതരഭീകരതക്കും പുകമറകൾ സൃഷ്ടിക്കാനല്ലാതെ പ്രസക്തമായ ഒരിടപെടലും നിർവഹിക്കാനാവില്ല... ധ്യാനത്തിന്റെ ശാന്തമായ ലോകത്തുനിന്ന് വിശ്വാസത്തെ രാഷ്ട്രീയത്തിന്റെ സംഘർഷഭൂമിയിലേക്ക് വലിച്ചിഴക്കുന്ന മതരാഷ്ട്രീയമാണ് സംവാദത്തെ അസാധ്യമാക്കുന്നത്.....എന്നാൽ ചില മതസംഘടനകൾ

രൂപപ്പെടുത്തിയ മതേതരഭീകരതയെന്ന പരികൽപന കേട്ടപ്പോഴാണ് ദൈവം പൊട്ടിക്കരഞ്ഞതെന്നു തിരുത്തിയെഴുതിയാൽ അത് കേരളത്തിന്റെ സാമൂഹിക വികാസവുമായി പൊരുത്തപ്പെടും...' എസ്.എഫ്.ഐ ഗുലാനുകൾ നടത്തുന്ന നരാധമ രക്തനടനങ്ങളല്ല, ഇസ്ലാമിക വിദ്യാർഥി പ്രസ്ഥാനം ഉന്നയിച്ച അടിസ്ഥാനപരമായ ഒരു ആശയസമരമാണ് ഇടതുബുദ്ധിജീവിയെ പ്രകോപിപ്പിച്ചത്. പിണറായി വിജയന്റെ മുതലാളിത്ത ലീലകളെ മുതലാളി ഭീമന്മാർക്കു മാത്രം പ്രാപ്യമായിരുന്ന ഭൗതിക സന്നാഹങ്ങൾക്കു മേൽ തൊഴിലാളി വർഗത്തിന്റെ സമരനായകൻ നടത്തുന്ന പെരുവിരൽ മുദ്രയെന്നൊക്കെ സിദ്ധാന്തവൽകരിച്ച് ന്യായീകരിക്കാൻ വിധിക്കപ്പെട്ട ഒരു നിഷ്കളങ്ക ബുദ്ധിജീവിയിൽ നിന്ന് ഇത്രയൊക്കെയെ പ്രതീക്ഷിക്കേണ്ടതുള്ളൂ. കളമശ്ശേരി പോളിടെക്നിക്കിലെയും കുസാറ്റിലെയും ജൂനിയർ വിദ്യാർഥികളെ റമദാൻ മാസത്തിൽ മദ്യം കുടിപ്പിച്ചും മറ്റും പീഡിപ്പിച്ച എസ്.എഫ്.ഐ യൂനിയൻ നേതാക്കളുൾപ്പെടെയുള്ളവരുടെ നടപടിയെക്കുറിച്ച് ഇദ്ദേഹം ഇങ്ങിനെയായിരിക്കും പ്രതികരിക്കുക. കാമ്പസുകളിൽ ആക്റ്റിവിസത്തിന്റെ കടലിരമ്പം സൃഷ്ടിക്കാനുള്ള സർഗാത്മക യൗവനത്തിന്റെ ശ്രമത്തിനുമേൽ മതചിഹ്നങ്ങളുടെ പഴകിനാറിയ മാറാപ്പുകൾ കെട്ടിവെക്കാനുള്ള ശ്രമത്തിനെതിരായ, ചരിത്രത്തിന്റെ ചുമരിൽ ആഞ്ഞുകൊത്തുന്ന പിന്മടക്കമില്ലാത്ത സമരവീര്യത്തിന്റെ നുരഞ്ഞുപൊന്തുന്ന പ്രതീകമായ....

തിരുവനന്തപുരത്ത് എ.കെ.ജി സെന്ററുള്ളപ്പോൾ നമ്മുടെ ബുദ്ധിജീവികൾക്ക് പിന്നെയെന്തിനാണ് വേറെയൊരു ഗ്വാണ്ടനാമോ! ■

(എസ്.ഐ.ഒ സംസ്ഥാന പ്രസിഡന്റാണ് ലേഖകൻ)